നമ്പർ 98/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളി കൈക്കാരന്മാരും, ഭരണ സമിതി അംഗങ്ങളും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

സാമൂഹീകമായും, ധാർമ്മീകമായും, മതപരമായും ഉയരുന്ന വെല്ലുവിളികളുടെ നടുവിലാണ് ഇന്ന് നമ്മുടെ കുഞ്ഞുങ്ങൾ ജീവിക്കുന്നത്. അവരെ സ്വാധീനിക്കുന്ന ചില ശക്തികൾ പലപ്പോഴും തെറ്റായ സാഹചര്യങ്ങളിലേക്ക് അവരെ നയിക്കുന്നതായി കാണാം. ഇവിടെയാണ് ആത്മീകശിക്ഷണത്തിന്റെയും പരിപോഷണത്തിന്റെയും ആവശ്യകത വ്യക്തമാകുന്നത്. ആ ലക്ഷ്യം മുൻ നിർത്തിയാണ് നമ്മുടെ സഭയിലെ സണ്ടേസ്കൂൾ പ്രസ്ഥാനവും അതിന്റെ അനുബന്ധ സംഘടനയായ ഒ.വി.ബി.എസും പ്രവർത്തിക്കുന്നത്. പാഠപുസ്തകങ്ങൾ കാലാനുസൃതമാക്കി മലയാളത്തിലും, ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കുന്നതിന് പുറമേ ജീവകാരുണ്യ രംഗത്ത് കുഞ്ഞുങ്ങളിൽ താൽപ്പര്യവും പങ്കാളിത്തവും വളർത്തുവാൻ ഉതകുന്ന പരിപാടികളും സണ്ടേസ്കൂൾ പ്രസ്ഥാനം ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട് എന്നുള്ളത് പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു.

ഈ വർഷത്തെ സണ്ടേസ്കൂൾ ജീവകാരുണ്യ ദിനത്തിൽ സമാഹരിച്ച സ്തോത്രകാഴ്ചയുടെ ഇരുപത് ശതമാനം തുക നിർധനരായ സണ്ടേസ്കൂൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ - ചികിത്സാ സഹായങ്ങൾക്കായും, ബാക്കി തുക ബുദ്ധിമാന്ദ്യം സംഭവിച്ച കുഞ്ഞുങ്ങൾക്കുവേണ്ടി തുമ്പമൺ മെത്രാസനത്തിൽ പ്രവർത്തിച്ചുവരുന്ന **പ്രകാശധാര** എന്ന പ്രോജക്ടിനും നൽകുന്നതാണ്.

സണ്ടേസ്കൂൾ അസ്സോസിയേഷൻ ഡയറക്ടർ ജനറലായി പതിനാലു വർഷം സ്തുത്യർഹമായി പ്രവർത്തിച്ച നമ്മുടെ വാൽസല്യവാൻ റവ.ഫാ.ഡോ.റ്റി.ജെ.ജോഷ്വായുടെ സേവനത്തെ നന്ദിയോടെ സ്മരിക്കുന്നതോടൊപ്പം പുതിയ ഡയറക്ടർ ജനറലായി നിയമിതനായ റവ.ഫാ.ഡോ.ഒ.തോമസിന് എല്ലാ ഭാവുകങ്ങളും ഇത്തരുണത്തിൽ ആശംസിക്കുന്നു.

(മറുപുറം)

ഈ വർഷം സണ്ടേസ്കൂൾ ദിനമായി ആചരിക്കുന്നത് മെയ്മാസം 4-ാം തീയതി ഞായറാഴ്ചയാണ്. അന്ന് നമ്മുടെ എല്ലാ പള്ളികളിലും പ്രസ്ഥാനത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും അന്നത്തെ കാണിക്ക സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് നൽകുകയും ചെയ്യണം. അന്നേദിവസം സണ്ടേസ്കൂൾ പ്രവർത്തകരുടെ നേതൃത്വത്തിൽ നടത്തുന്ന കവർപിരിവിലും എല്ലാ ഭവനങ്ങളും താൽപ്പര്യപൂർവ്വം സഹകരിക്കണം.അപ്രകാരം സമാഹരിക്കുന്ന തുകയാണ് സണ്ടേസ്കൂൾ പ്രസ്ഥാനത്തിനും ഒ.വി.ബി.എസ്.നുമുള്ള മുഖ്യമായ വരുമാനമാർഗം. കാണിക്കയും കവർപിരിവും യഥാസമയം ചുമതലപ്പെട്ടവരെ ഏൽപ്പിക്കണം. നമ്മുടെ മഹത്വവും, കിരീടവുമായ കുഞ്ഞുങ്ങളോടുള്ള സ്നേഹവും കരുതലും വെളിപ്പെടുത്തുവാൻ ഈ അവസരം വിനിയോഗിക്കണമെന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ.

2008 ഏപ്രിൽ മാസം 2 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.